# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2489      05/02/2018-ൽ മറുപടിയ്ക്ക്

## കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ചെറുകിട സഹകരണ സ്ഥാപനങ്ങളെയും സംഘങ്ങളെയും കാര്യക്ഷമമായ പ്രവർത്തിപഥത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി സബ്സിഡി നിരക്കിലോ കുറഞ്ഞ പലിശ നിരക്കിലോ വായ്പകൾ നൽകുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (എ) | സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള വനിത സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, സംസ്കരണ സഹകരണ സംഘങ്ങൾ, തുടങ്ങിയ ചെറുകിട സഹകരണ സംഘങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. അതിനായി (ബഡ്ജറ്റിൽ) തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി സബ്സിഡിയും ഓഹരിയും നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. |
| (ബി) | സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി കൂടുതൽ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) | സഹകരണ വകുപ്പിന് 2017-18 സാമ്പത്തിക വർഷം എൻ.സി.ഡി.സി. ധനസഹായം ഉൾപ്പെടെ 22 സ്കീമുകൾക്കായി 18500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ ധനസഹായത്തിനായി പ്ലാനിംഗ് ബോർഡിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ